ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബി□ഡിംഗ്,
തിരുവനന്തപുരം–33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി 3/753/12/സിഇ/തസ്വഭവ  തീയതി : 06.05.2015

# സർക്കുലർ

സർക്കാർ ഉത്തരവ് (സാധാ) നം. 1288/2015/തസ്വഭവ, തീയതി 30.04.2015 പ്രകാരം മരാമത്ത് പ്രവൃത്തികൾ സുഗമമായി നടപ്പാക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇതിനോടകം തന്നെ പദ്ധതി രൂപീകരണ / നിർവ്വഹണ പ്രവൃത്തികൾ തുടങ്ങിയിട്ടുണ്ട്. എന്നാൽ ചില സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം ഇതുവരെയും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല എന്നറിയാൻ കഴിഞ്ഞു. 27.04.2015–ലെ സർക്കാർ ഉത്തരവ് നം. 1250/2015/തസ്വഭവ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പൂർണ്ണവാർഷിക പദ്ധതി മെയ് 31–നകം ജില്ലാ ആസൂത്രണ സമിതിയ്ക്ക് അംഗീകാരം നേടേണ്ടതാണെന്ന് സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) ഇതുവരെയും എസ്റ്റിമേറ്റ് എടുത്തിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 30.04.2015–ലെ സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ളതുപോലെ ടി സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏതൊക്കെയാണെന്ന് പ്രമേയം മുഖേന തീരുമാനിക്കേണ്ടതും, അവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എഞ്ചിനീയർമാരെ ഏൽപ്പിക്കേണ്ടതുമാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അതാത് എഞ്ചിനീയർമാർ രേഖാമൂലം ടി ലിസ്റ്റ് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയോട് ആവശ്യപ്പെടേണ്ടതുമാണ്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പ്രോജക്ട് വെറ്റിംഗ് ആഫീസർമാർ (ഗ്രാമപഞ്ചായത്തിന്റേത് ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, ബ്ലോക്ക്പഞ്ചായത്തിന്റേത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, ജില്ലാപഞ്ചായത്തിന്റേത് അതാത് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും, മുനിസിപ്പാലിറ്റികളുടേത് വെറ്റിംഗ് ആഫീസർമാർ /അതാത് മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും) ടി അംഗീകൃത ലിസ്റ്റ് 10.05.2015–നകം തങ്ങളുടെ കീഴിലുള്ള എഞ്ചിനീയർമാർക്ക് ലഭ്യമായി എന്ന് രേഖാമൂലം ഉറപ്പുവരുത്തേണ്ടതും ടി ലിസ്റ്റിന്റെ ഒരു പകർപ്പ് എഞ്ചിനീയർ വെറ്റിംഗ് ആഫീസർക്ക് നൽകേണ്ടതുമാണ്.

(2) ടി ലിസ്റ്റ് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എഞ്ചിനീയർമാർക്ക് നിലവിലെ അടിയന്തിര സാഹചര്യത്തിൽ പരമാവധി 15 ദിവസം മാത്രമേ അനുവദിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ എസ്റ്റിമേറ്റുകൾ 25.05.2015–ന് മുൻപ് തയ്യാറാക്കി നൽകേണ്ടതും 31.05.2015–നകം തന്നെ എല്ലാ എഞ്ചിനീയറിംഗ് പ്രോജക്ടുകൾക്കും ഡി.പി.സി അംഗീകാരം വാങ്ങേണ്ടതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. ലിസ്റ്റ് പ്രകാരമുള്ള മരാമത്ത് പണികൾ മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ടാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്നും ആയത് സമയബന്ധിതമായി നിർവ്വഹിക്കുന്നുണ്ടെന്നും വെറ്റിംഗ് ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്. ഇതിലേക്ക് ആവശ്യമുള്ളപക്ഷം സംയുക്ത സ്ഥലപരിശോധന നടത്തുന്നതും നന്നായിരിക്കും.

(3) 2015–16 സാമ്പത്തികവർഷം മുതൽ എല്ലാ പൊതുമരാമത്ത് പ്രവൃത്തികളും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം സി.പി.ഡബ്ല്യു.ഡി ഡാറ്റാ മാത്രമേ ഉപയോഗിക്കാവൂ.

(4) സർക്കാർ ഉത്തരവ് പ്രകാരം 5 ലക്ഷവും അതിനുമുകളിലുള്ള പ്രവൃത്തികൾ ഇ–ടെണ്ടർ മുഖേന മാത്രമേ നടപ്പിലാക്കാവൂ. 5 ലക്ഷത്തിന് താഴെയുള്ള പ്രവൃത്തികൾ മാത്രമേ ഗുണഭോക്തൃ സമിതി മുഖേനയോ മാന്വൽ ടെണ്ടർ മുഖേനയോ നടപ്പാക്കാവൂ.

ചീഫ് എൻജിനീയർ